# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3350** 11.05.2017-ൽ **മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

| | ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി എന്ന് മാറുമെന്നാണ് കണക്കാക്കുന്നത്; | (എ) | 2017 മേയ് മാസത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | അതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്? | (ബി) | കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഉപഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ സോളാർ, മൈക്രോവിൻഡ് തുടങ്ങിയ വികേന്ദ്രീകൃത വൈദ്യുത ഉത് പാദന വിതരണ സംവിധാനത്തിലൂടെയും (DDG) വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഉപഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| | | | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചുമതലയിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും ഉപഭോക്താക്കളായി 257 കുടുംബങ്ങളെ കണ്ടെത്തുകയും ഇവിടേയ്ക്ക് മേൽപ്രകാരം സൗര നിലയം സ്ഥാപിച്ച് നൽകുന്നതിന് കരാർ പ്രകാരം നിർമ്മാണം പുരോഗമിച്ച് വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**